# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/BP-706/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 02/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2.അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, തിരുവനന്തപുരം

നമ്പർ: KSA/TVM/BP-706/2021 തീയ്യതി: 02/06/2022

## തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 23-03-2022 | 31-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-03-2022 | 31-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി സീന.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കല.പി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.എസ്.ബിന്ദു | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഉദ്യോഗസ്ഥ ഭരണസമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ.എം.വി.മൻമോഹൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ധീരജ് മാത്യു ജെ.ജെ | സെക്രട്ടറി | 01-04-2020 | 30-06-2020 |
| ശ്രീ.സുരേഷ് കുമാർ.കെ | സെക്രട്ടറി | 01-07-2020 | 05-08-2020 |
| ശ്രീമതി ലേഖ.ജി.എസ് | സെക്രട്ടറി | 06-08-2020 | 30-01-2021 |
| ശ്രീമതി.സുശീല.എ.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 31-01-2021 | 31-03-2021 |
| ശ്രീ.പ്രസാദ്.എസ് | സെക്രട്ടറി | 12-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ദിഷാ മണിയൻ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ദീപ്തി | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.മേരി സുധ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.വഷിത ഗുണസെൽവി | മെഡിക്കൽ ഓഫീസർ ,വിഴിഞ്ഞം | 01-04-2020 | 08-03-2021 |
| ഡോ.ജവഹർ | മെഡിക്കൽ ഓഫീസർ ,വിഴിഞ്ഞം | 09-03-2021 | 31-03-2021 |
| ഡോ.അജിത്ത്.വൈ.എ | മെഡിക്കൽ ഓഫീസർ ,വെൺപകൽ | 01-04-2020 | 10-02-2021 |
| ഡോ.ജസ്റ്റിൻ ബേസിൽ | മെഡിക്കൽ ഓഫീസർ ,വെൺപകൽ | 11-03-2021 | 31-03-2021 |
| ശ്രീ.ഷിബു ഷൈൻ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ബാലചന്ദ്രൻ | അസി.ഡയറക്ടർ കൃഷി | 01-04-2020 | 31-03-2021 |
| ശ്രീ.എസ്.ആർ മനോജ് | പട്ടിക ജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.മംഗള.എസ് | മെഡിക്കൽ ഓഫീസർ, പുല്ലുവിള | 01-04-2020 | 31-03-2021 |
| ശ്രീമതി താര.വി | ശിശു വികസന പ്രോജക്ട് ഡയറക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Zeena K (Senior Grade Auditor, On 03-04-2022)<br>Last Updated By: Biji T (Computer Assistant, On 02-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Zeena K (Senior Grade Auditor, On 03-04-2022)<br>Last Updated By: Biji T (Computer Assistant, On 02-06-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 03-04-2022)<br>Last Updated By: Biji T (Computer Assistant, On 02-06-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Zeena K (Senior Grade Auditor, On 03-04-2022)<br>Last Updated By: Biji T (Computer Assistant, On 31-05-2022) | 1-4 |
| 5 | ക്ഷേമപദ്ധതികൾ<br>Written By: Zeena K (Senior Grade Auditor, On 03-04-2022)<br>Last Updated By: Biji T (Computer Assistant, On 30-05-2022) | 1-5 |
| 6 | ക്യാഷ് പരിശോധന<br>Written By: Zeena K (Senior Grade Auditor, On 03-04-2022)<br>Last Updated By: Biji T (Computer Assistant, On 30-05-2022) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Zeena K (Senior Grade Auditor, On 03-04-2022)<br>Last Updated By: Biji T (Computer Assistant, On 30-05-2022) | 1-8 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Zeena K (Senior Grade Auditor, On 03-04-2022)<br>Last Updated By: Biji T (Computer Assistant, On 31-05-2022) | 1-9 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 04-04-2022)<br>Last Updated By: Biji T (Computer Assistant, On 30-05-2022) | 1-10 |
| 10 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Lathakumari M (Audit Officer, On 04-04-2022)<br>Last Updated By: Biji T (Computer Assistant, On 02-06-2022) | 1-11 |
| 11 | KSEB നിർവ്വഹിച്ച വിവിധപദ്ധതി-അപാകങ്ങൾ<br>Written By: Lathakumari M (Audit Officer, On 04-04-2022)<br>Last Updated By: Biji T (Computer Assistant, On 31-05-2022) | 1-12 |
| 12 | പ്രിന്റിംഗ് പ്രവൃത്തിക്ക് ക്വട്ടേഷൻ നടപടി സ്വീകരിച്ചിട്ടില്ല<br>Written By: Lathakumari M (Audit Officer, On 04-04-2022)<br>Last Updated By: Biji T (Computer Assistant, On 30-05-2022) | 1-13 |
| 13 | കാർഷിക മേഖലയിലെ പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ<br>Written By: Zeena K (Senior Grade Auditor, On 05-04-2022)<br>Last Updated By: Biji T (Computer Assistant, On 02-06-2022) | 1-14 |
| 14 | ചൈൽഡ് ഡെവലപ്പമെന്റ് പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ<br>Written By: KALA P. (Auditor, On 06-04-2022)<br>Last Updated By: Biji T (Computer Assistant, On 31-05-2022) | 1-15 |
| 15 | മെഡിക്കൽ ഓഫീസർ (പുല്ലുവിള സി എച്ച് സി) നിർവ്വഹണം നടത്തിയ പദ്ധതികൾ<br>Written By: KALA P. (Auditor, On 06-04-2022)<br>Last Updated By: Biji T (Computer Assistant, On 02-06-2022) | 1-16 |
| 16 | പഴയ വാഹനം ലേലം ചെയ്തില്ല.<br>Written By: Lathakumari M (Audit Officer, On 07-04-2022)<br>Last Updated By: Biji T (Computer Assistant, On 30-05-2022) | 1-17 |

| | | |
|---|---|---|
| 17 | PMAY പദ്ധതി വീട്ട പൂർത്തിയാക്കാത്തവരുടെ വിശദാംശം<br>Written By: Lathakumari M (Audit Officer, On 07-04-2022)<br>Last Updated By: Biji T (Computer Assistant, On 31-05-2022) | 1-18 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Zeena K (Senior Grade Auditor, On 29-03-2022)<br>Last Updated By: Biji T (Computer Assistant, On 30-05-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Zeena K (Senior Grade Auditor, On 03-04-2022)<br>Last Updated By: Biji T (Computer Assistant, On 30-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Zeena K (Senior Grade Auditor, On 29-03-2022)<br>Last Updated By: Zeena K (Senior Grade Auditor, On 29-03-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Zeena K (Senior Grade Auditor, On 03-04-2022)<br>Last Updated By: Biji T (Computer Assistant, On 31-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Zeena K (Senior Grade Auditor, On 29-03-2022)<br>Last Updated By: Biji T (Computer Assistant, On 30-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Zeena K (Senior Grade Auditor, On 29-03-2022)<br>Last Updated By: Biji T (Computer Assistant, On 30-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 29-03-2022)<br>Last Updated By: Biji T (Computer Assistant, On 30-05-2022) | 4-7 |
| 8 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Zeena K (Senior Grade Auditor, On 29-03-2022)<br>Last Updated By: Biji T (Computer Assistant, On 30-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Zeena K (Senior Grade Auditor, On 03-04-2022)<br>Last Updated By: Biji T (Computer Assistant, On 30-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Zeena K (Senior Grade Auditor, On 06-04-2022)<br>Last Updated By: Biji T (Computer Assistant, On 30-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-2021 ലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ബജറ്റ് 2020 മാർച്ച് 27 -ാം തീയതിലെ ജനറൽ കമ്മിറ്റി മീറ്റിങ്ങിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും പ്രസ്തുത ബജറ്റ് 2021 ഫെബ്രുവരി 20 -ാം തീയതി പുതുക്കി അവതരിപ്പിക്കുകയും ചെയ്തിട്ടിട്ടുണ്ട്. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് 347833844/ - രൂപയും ചെലവ് 345017000/-രൂപയുമാണ്.

### 1-1-1 ബജറ്റ് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 214(5)-ാം വകുപ്പ് പ്രകാരം ബജറ്റിൽ ഇല്ലാത്ത ചെലവ് ചെയ്യേണ്ടി വന്നാൽ തൊട്ടടുത്ത് ചേരുന്ന പഞ്ചായത്ത് യോഗത്തിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അംഗീകരിച്ച് അനുവാദം നേടേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പുതുക്കിയ ബജറ്റ് അംഗീകരിച്ചുവെങ്കിലും പ്രസ്തുത ബജറ്റിൽ വകയിരുത്താതെയും വകയിരുത്തിയതിൽ കൂടുതലായും ചെലവ് ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ബജറ്റിൽ വകയിരുത്താതെ ചെലവ് ചെയ്തിരിക്കുന്നു.

| Code No | Item | AFS പ്രകാരം |
|---|---|---|
| 220800101 | Keralolsavam | 60000 |
| 220800199 | Other Administrative Expenses | 716482 |
| 220700101 | Election Expenses | 2068650 |
| 230400101 | Vehicle Hire Charges | 143120 |

2.ബജറ്റിൽ വകയിരുത്തിയതിനെക്കാളും ചെലവ് ചെയ്തിരിക്കുന്നു.

| Code No | Item | Budget പ്രകാരം | AFS പ്രകാരം |
|---|---|---|---|
| 220210101 | Printing Charge | 36744 | 62453 |

3.ബജറ്റിലെ ഹെഡും വാർഷിക ധനകാര്യപത്രികയിലെ ഹെഡും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട്-ഉൽപാദനമേഖലയ്ക്ക് നൽകിയിരിക്കുന്ന ഹെഡ് 254100101 ഹെഡുകളാണ്.

എന്നാൽ വാർഷിക ധനകാര്യപത്രികയിലെ ഹെഡ് 250100 ൽ തുടങ്ങുന്ന ഹെഡുകളുമാണ്.

250100 ൽ തുടങ്ങുന്ന ഇനങ്ങൾക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/22 തീയതി 25.03.2022 നുള്ള മറുപടിയിൽ നിർവഹണസമയത്ത് തുക ബജറ്റിൽ പറയുന്നതിനെക്കാൾ കൂടാനോ കുറയുവാനോ സാദ്ധ്യതയുണ്ടെന്നും ഇതിൽ വ്യതിയാനം സംഭവിക്കുകയാണെങ്കിൽ റിവൈസ്ഡ് ബജറ്റ് തയ്യാറാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

റിവൈസ്ഡ് ബജറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥ ചെലവുകൾ ഉൾപ്പെടുത്തി തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ ബജറ്റിന്റെയും വാർഷിക ധനകാര്യപത്രികയിലേയും തുകകൾ തിരഞ്ഞെടുത്തപ്പോൾ ഉണ്ടായ തെറ്റുകളാണ് ബജറ്റിലെ ഹെഡും വാർഷിക ധനകാര്യപത്രികയിലെ ഹെഡും തമ്മിൽ പൊരുത്തപ്പെടാത്തതിനു കാരണമെന്നും അറിയിച്ചിരിക്കുന്നു.

ഭാവിയിൽ ഹെഡുകൾ തിരഞ്ഞെടുക്കുന്നതിൽ ശ്രദ്ധ ചെലുത്തുവാൻ ബജറ്റ് രൂപീകരണ വേളയിൽ തന്നെ ശ്രദ്ധിക്കേണ്ടതാണ്. ആയത് ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ഉത്തരവാദിത്വമായി കാണേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 27-07-2021 | -- | -- |

1-2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62 (2) പ്രകാരം വാർഷിക ധനകാര്യപത്രിക

തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്നവ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

A. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ [62(2) ഇ]

B. അടിസ്ഥാന അനുപാതകങ്ങൾ [62(2) എഫ്]

എന്നാൽ ഇവ വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 12/22 തീയതി 26.03.2022 (ക്രമ നം 1) നുള്ള മറുപടിയിൽ ഭാവിയിൽ ഉൾപ്പെടുത്തേണ്ട അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകളും അടിസ്ഥാന അനുപാതകങ്ങളും തുടർ വർഷങ്ങളിൽ കൃത്യമായി രേഖപ്പെടുത്തുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

2. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 58 (4) എ പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല. B-14 Stock In Hand (Inventories).

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 12/22 തീയതി 26.03.2022 (ക്രമ നം 2) നുള്ള മറുപടിയിൽ സ്റ്റോക്ക് രജിസ്റ്റർ ഭൗതിക പരിശോധന 5/11/2022 ൽ നടത്തിയിട്ടുണ്ടെന്നു അറിയിച്ചിരിക്കുന്നു. പ്രസ്തുത വിവരം വാർഷിക ധനകാര്യ പത്രികയിലെ B-14 Stock In Hand (Inventories) ഉൾപ്പെടുത്തേണ്ടതാണ്.

3. 2019-20 ലെ വാർഷിക ധനകാര്യപത്രിക B4 Schedule പ്രകാരം 320700208 Contributions For Joint Venture Projects (For Centrally Sponsered Scheme)- From Village Panchayat മുന്നിരിപ്പ് 608832/- രൂപയും തൻവർഷത്തെ വരവ് 5477652/- രൂപയുമാണ് ആകെ 6086484/ രൂപ. എന്നാൽ 2020 -21 ലെ നീക്കിയിരിപ്പായി 6334067/- രൂപയാണ് വാർഷികധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആകെ വരവിനേക്കാൾ നീക്കിയിരിപ്പ് കൂടുതലായതിനുള്ള വിശദീകരണത്തിനു ഓഡിറ്റ് എൻക്വയറി നം 12/22 തീയതി 26.03.2022 (ക്രമ നം 3) നുള്ള മറുപടിയിൽ മുൻ വർഷങ്ങളിൽ തുക തെറ്റായി രേഖപ്പെടുത്തിയതിനാലാണ് ഇത്തരത്തിൽ അപാകത സംഭവിച്ചിരിക്കുന്നതെന്നു അറിയിച്ചിരിക്കുന്നു. പ്രസ്തുത അപാകത 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികയിൽ പരിഹരിക്കേണ്ടതാണ്. (രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് ഇല്ല)

4. Beneficiary Contributions വരവായി (RP 31) പ്രകാരം 445000/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ലഭ്യമാക്കിയ രസീതു ബുക്കുകൾ പ്രകാരം 135404.75/- രൂപ മാത്രമാണ് അടവാക്കിയിരിക്കുന്നത്.

രസീതു ബുക്ക് നം 13 - മട്ടുപ്പാവിൽ ഗ്രോബാഗ് -1,20,000/-

രസീതു ബുക്ക് നം 14- കേരഗ്രാമം -15404.75/-

എന്നാൽ ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/22 തീയതി 26.03.2022 (ക്രമ നം 4) നുള്ള മറുപടിയിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഗുണഭോക്തൃവിഹിതമായി 445000/-രൂപയാണ് അടവാക്കിയതെന്നു അറിയിച്ചിരിക്കുന്നു. എന്നാൽ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. ആയതു ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വാർഷിക ധനകാര്യപത്രിക പ്രകാരം

KWA യ്ക്ക് 600000/- രൂപയും KSEB യ്ക്ക് 630000/-രൂപയുമാണ് നൽകിയിരിക്കുന്നത്. എന്നാൽ സ്ഥാപനം ഹാജരാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം യഥാക്രമം 730000/- രൂപയും 500000/- രൂപയുമാണ് KWA, KSEB എന്നീ സ്ഥാപനങ്ങളിൽ അടച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/22 തീയതി 26.03.2022 (ക്രമ നം 5) നുള്ള മറുപടിയിൽ രജിസ്റ്റർ പ്രകാരമുള്ള തുകയാണ് യഥാർത്ഥ തുകയെന്നും വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയതിലെ അപാകതയാണെന്നും അറിയിച്ചിരിക്കുന്നു.

6.വാർഷിക ധനകാര്യപത്രിക പ്രകാരം Development Fund -CFC-Performance Grant തുക 4873959/- രൂപയും ACR പ്രകാരം 4883402/- രൂപയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 15/22 തീയതി 26.03.2022 (ക്രമ നം 1) നുള്ള മറുപടിയിൽ ACR പ്രകാരമുള്ള തുക വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയപ്പോഴുള്ള അപാകതയാണെന്നു അറിയിച്ചിരിക്കുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും വാർഷിക ധനകാര്യപത്രികയിലും ചെലവ് 4873959/- രൂപയാണ്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

7. വൗച്ചറുകളിൽ സാംഖ്യ പേയ്മെന്റ് വൗച്ചർ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 15/22 തീയതി 26.03.2022 (ക്രമ നം 2) നുള്ള മറുപടിയിൽ ഭാവിയിൽ സാംഖ്യ പേയ്മെന്റ് വൗച്ചറുകൾ ഉൾപ്പെടുത്തുന്നതാണെന്നു അറിയിച്ചിരിക്കുന്നു.

8.സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രോവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 15/22 തീയതി 26.03.2022 (ക്രമ നം 3) നുള്ള മറുപടിയിൽ ഭാവിയിൽ പ്രോവിഷനുകൾ കൂടി ഉൾപ്പെടുത്തുന്നതാണെന്നു അറിയിച്ചിരിക്കുന്നു.

9.വാർഷിക ധനകാര്യപത്രിക പ്രകാരം തൻ വർഷത്തെ ആസ്തി (B11) 49441345/- രൂപയും മുൻവർഷത്തെ ആസ്തി

(2019-20- B 11 ) 37490784/- രൂപയാണ്. എന്നാൽ തൻ വർഷം സൃഷ്ടിക്കപ്പെട്ട ആസ്തികൾ (RP 38) പ്രകാരം 11206912/-രൂപയാണ്. തുകകൾ തമ്മിൽ പൊരുത്തപ്പെടാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 15/22 തീയതി 26.03.2022 (ക്രമ നം 4) നുള്ള മറുപടിയിൽ വാർഷിക ധനകാര്യപത്രികയിൽ മുൻ വർഷത്തെ ആസ്തിയും തൻ വർഷത്തെ ആസ്തിയും കണക്കാക്കി രേഖപ്പെടുത്തിയതിലെ അപാകതയാണെന്നും ഭാവിയിൽ അപാകത വരുത്താതെ രേഖപ്പെടുത്തലുകൾ വരുത്തുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

10.എം.ജി.എൻ.ആർ.ഇ.ജി.എസ് വരവ് ചെലവുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 15/22 തീയതി 26.03.2022 (ക്രമ നം 5) നുള്ള മറുപടിയിൽ എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ നിർവഹണോദ്യോഗസ്ഥൻ പ്രോജക്ട് ഓഫീസറാണെന്നും അതിനാലാണ് എം.ജി.എൻ.ആർ.ഇ.ജി.എസ് വരവ് ചെലവുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താത്തതെന്ന് അറിയിച്ചിരിക്കുന്നു.

11.വാർഷിക ധനകാര്യപത്രികയിൽ ഐ.എ.വൈയുടെ ലോൺ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 16/22 തീയതി 30.03.2022 (ക്രമ നം 4) നുള്ള മറുപടിയിൽ പ്രസ്തുത വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുവാൻ വിട്ടു പോയതാണെന്ന് അറിയിച്ചിരിക്കുന്നു. വാർഷിക ധനകാര്യപത്രികയിൽ ലോണിന്റെ അടവ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 33491683 | 33491683 | 32588173 | 903510 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 15599444 | 15599444 | 15026524 | 572920 |
| വികസനഫണ്ട് (സി.എഫ്.സി -Tied) | 0 | 6290000 | 6290000 | 4883402* | 1406598 |
| വികസനഫണ്ട് (സി.എഫ്.സി -Untied) | 0 | 6290000 | 6290000 | 5222749 | 1067251 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5841315 | 5841315 | 5841315 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട് (ഇനം തിരിച്ച്) | | | | | |
| Total Sanitation Campaign | 324069 | 10624 | 334693 | 4636 | 330057 |

* 2019 -20 സാമ്പത്തിക വർഷത്തിലെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, ഏ.സി.ആർ എ.എഫ്.എസ് എന്നിവയുടെ അപാകത

.എ.സി.ആർ, എ.എഫ് .എസ് എന്നിവയുടെ ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | എ.സി.ആർ പ്രകാരം | എ.എഫ്.എസ് പ്രകാരം |
|---|---|---|
| വികസന ഫണ്ട് -(സി.എഫ്.സി -Tied) | 4883402 | 4873959 |

ഇതു സംബന്ധിച്ച വിവരം വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ ക്രമ നം 6 ആയി രേഖപ്പെടുത്തിയിട്ടുണ്ട്.

1-3-1 ഗ്രാന്റ് തുക ചെലവഴിക്കുന്നതിൽ വീഴ്ച്ച

പ്രത്യേക ഘടക പദ്ധതികൾക്കായി വകയിരുത്തിയ തുകകൾ ചെലവഴിക്കുന്നതിൽ വീഴ്ച്ച വന്നിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഘടക പദ്ധതി | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വനിത ഘടക പദ്ധതി | 7989638 | 3867573 | 48% |

| | | | |
|---|---|---|---|
| വൃദ്ധർക്കുള്ള പ്രത്യേക പദ്ധതി | 90000 | 0 | 0% |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 11/22 തീയതി 25.03.2022 ന മറുപടി ലഭ്യമാക്കിയിട്ടില്ല.

ഘടകപദ്ധതികൾക്കായി തുക വകയിരുത്തിനനുസൃതമായി ചെലവ് നടത്തുവാനം ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 133 | 83511314 | 122 | 63856348 | - | 11 | 76.46 |

1-4-1 ചെലവ് ശതമാനത്തിൽ കുറവ്

2020-21 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ ചുവടെ ചേർക്കുന്ന നിർവഹണോദ്യോഗസ്ഥരുടെ ചെലവ് പരിശോധിച്ചതിൽ പദ്ധതികളുടെ ചെലവുകൾ കുറവായാണ് കാണപ്പെട്ടത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| അസി.ഡയറക്ടർ കൃഷി | 4498080 | 1366507 | 30.38 |
| അസി.ഡയറക്ടർ /സീനിയർ വെറ്റിനറി സർജൻ/ ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 5477000 | 3026000 | 55.24 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 100000 | 20000 | 20 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 11/22 തീയതി 25.03.2022 ന മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി തുക വകയിരുത്തിനനുസൃതമായി ചെലവ് നടത്തുവാനം ശ്രദ്ധിക്കേണ്ടതാണ്.

## 1-5 ക്ഷേമപദ്ധതികൾ

ഇല്ല

## 1-6 ക്യാഷ് പരിശോധന

ഇല്ല

## 1-8 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18/10/2021 മുതൽ 23/10/2021 വരെ | 2020-21 | ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09/07/2018 മുതൽ 24/07/2018 വരെ | 2017-18 | 18/09/2018 |

## 1-10 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്. ആയതിന്റെ വിശദാംശം വിവിധ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1.റിവൈസ്ഡ് ബജറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥ ചെലവുകൾ ഉൾപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിച്ചിട്ടില്ല.

2.ബജറ്റിന്റെയും വാർഷിക ധനകാര്യപത്രികയിലേയും തുകകൾ തിരഞ്ഞെടുത്തപ്പോൾ ഉണ്ടായ തെറ്റുകൾ കാരണം ബജറ്റിലെ ഹെഡും വാർഷിക ധനകാര്യപത്രികയിലെ ഹെഡും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേല്പറഞ്ഞ അപാകങ്ങൾ പരിഹരിക്കാൻ ജനറൽ കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്,

## 1-11 വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല

വിവിധ പ്രവൃത്തികൾക്കായി KSEB, KWA ശുചിത്വ മിഷൻ എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7,8 (24.03.2022) എന്നിവയ്ക്ക് മറുപടി ലഭ്യമായില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | നിർവ്വഹണ ഏജൻസി | ബിൽ നമ്പർ/തീയതി | തുക (രൂപ) |
|---|---|---|---|---|
| 1 | 149, പൈപ്പ് ലൈൻ നീട്ടൽ | KWA | 144/15.9.20 | 200000 |
| 2 | 148, പൈപ്പ് ലൈൻ നീട്ടൽ | KWA | 143/15.9.20 | 400000 |
| 3 | 17, ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | KSEB | 46/12-5-20 | 500000 |
| 4 | 105, ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | KSEB | 16/11-4-20 | 130000 |
| 5 | 13, മെഡിക്കൽ കോളേജ് മാലിന്യ പ്ലാന്റ് വിഹിതം | ശുചിത്വ മിഷൻ | 141/14-9-20 | 500000 |
| 6 | 136/SC ഹൗസിംഗ് കോംപ്ലക്സ് വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് | വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് 45/28-4-20 | 45/28-4-20 | 2000000 |

29.01.2018-നെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശം പാലിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-12 KSEB നിർവ്വഹിച്ച വിവിധപദ്ധതി-അപാകങ്ങൾ

(A)നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പദ്ധതി നം-SO 149,148/21

പദ്ധതിയുടെ പേര്-പൈപ്പ് ലൈൻനീട്ടൽ.

അടങ്കൽ തുക- 200000+400000 രൂ

ചെലവ് തുക-200000+400000 രൂ,

ബിൽ നം-143,144/15.09.2020

KWA നിർവ്വഹിച്ച മേൽ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടെത്തി.

1. പദ്ധതിയുടെ Detailed Estimate, Detailed Project Report എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. Abstract Of Estimate ന്റെ അടിസ്ഥാനത്തിൽ തുക നല്കിയിരിക്കുന്നു.

2. KWA യുമായി ഒപ്പുവച്ച എഗ്രിമെന്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ടി തുകയുള്ള കൈപ്പറ്റു രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(B)KWA നിർവ്വഹിച്ച വിവിധ പൈപ്പ് ലൈൻ നീട്ടൽ പദ്ധതികളുടെയും, KSEB നിർവ്വഹിച്ച വിവിധ ഇലക്ട്രിക്കൽ ലൈൻ നീട്ടൽ പദ്ധതികളുടെയും ഫയലുകൾ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടെത്തി.

1.KWA, KSEB എന്നിവയുമായി ഒപ്പുവച്ച എഗ്രിമെന്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.7നു മറുപടി ലഭ്യമായില്ല.

2.പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, പെർഫോമൻസ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല. സർക്കാർ ഉത്തരവു നം.സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(2) പ്രകാരം, നിർവ്വഹണ ഏജൻസികൾക്കു തുക അനുവദിക്കുന്നതിനു മുമ്പ് തദ്ദേശ സ്ഥാപനം ബന്ധപ്പെട്ട ഏജൻസികളുമായി കരാർ ഒപ്പിട്ട ശേഷം മാത്രമേ മുൻകൂർ അനുവദിക്കാൻ പാടുള്ളൂ. ഇവിടെ ടി ഉത്തരവു പാലിച്ചിട്ടില്ല. അതിനാൽ മേല്പറഞ്ഞ രേഖകൾ ഏജൻസികളിൽ നിന്ന് ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

29.01.2018-നെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

## 1-13 പ്രിന്റിംഗ് പ്രവൃത്തിക്ക് ക്വട്ടേഷൻ നടപടി സ്വീകരിച്ചിട്ടില്ല

പദ്ധതി നം-S00137

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പദ്ധതിയുടെ പേര്- ബ്ലോക്ക് ISO സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ

അടങ്കൽ തുക - 303866/-
ചെലവ് - 241289/-

മേൽ പദ്ധതിയുടെ ഫയൽ പ്രകാരം, പ്രിന്റിംഗ് ചെലവുകൾക്കായി GV പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് (ചെക്ക് നം 2732512/7-3-2) 34000/- രൂപ നല്കിയിട്ടുണ്ട്. പൗരാവകാശ രേഖയുടെ 100 കോപ്പി പ്രിന്റ് ചെയ്യാനാണ് ടി തുക നല്കിയിട്ടുള്ളത്. എന്നാൽ ടി പ്രവൃത്തിക്ക് ക്വട്ടേഷൻ നടപടി സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. (നം.4/24.03.22)

സർക്കാർ ഉത്തരവു നം ജി.ഓ.(പി)3/2013/എസ്.പി.ഡി തീ.21.6.2013 പ്രകാരം 15000/- രൂപയിൽ കൂടുതൽ മതിപ്പു വിലയുള്ള സാധനങ്ങളോ സേവനങ്ങളോ വാങ്ങുമ്പോൾ ക്വട്ടേഷൻ നടപടി സ്വീകരിക്കേണ്ടതാണ്. ടി ഉത്തരവു പാലിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 കാർഷിക മേഖലയിലെ പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 146/21 |
| പദ്ധതിയുടെ പേര് | സുഭിക്ഷ കേരളം-കേരവൃക്ഷം-ഇടവിള കൃഷി പദ്ധതി (വനിത ഗ്രൂപ്പുകൾക്ക്) |
| ഫണ്ടിനം | വികസന ഫണ്ട് -ജനറൽ |
| അടങ്കൽ | 1718080/- |
| ചെലവ് | 191507/- |
| ബിൽ നം /തീയതി | 8/20-21 തുക 177364/- |
| | 11/20-21 തുക 14143/- |

സുഭിക്ഷ കേരളം- കേരവൃക്ഷം-ഇടവിള കൃഷി പദ്ധതയിൽ 5 സെന്റ് സ്ഥലം ഒരു യൂണിറ്റായി കണക്കാക്കി ഒരംഗത്തിനു 1.5 കിലോഗ്രാം ഡോളോമൈറ്റ് 3 കിലോഗ്രാം വേപ്പിൻ പിണാക്ക് എന്നിവ 75% സബ്സിഡിയിൽ നൽകുന്നതിനും ഇടവിള കൃഷിക്കായി 250/- രൂപ വിലയുള്ള ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, മധുരക്കിഴങ്ങ്, കാച്ചിൽ, വാഴ, മരിച്ചീനി എന്നിവ 100% സബ്സിഡിയിലും നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കണമെങ്കിൽ ഒരു ഗ്രൂപ്പിൽ കുറഞ്ഞത് 5 വനിതകൾക്ക് അവരുടെ പേരിൽ വസ്തു കരം അടയ്ക്കുന്നതോ അവർ ഉൾപ്പെടുന്ന റേഷൻ കാർഡിലുള്ള ഏതെങ്കിലും വ്യക്തിയുടെയോ പേരിൽ വസ്തു കരം തീർത്ത്

വരുന്നതോ ആയ 3 തെങ്ങെങ്കിലും ഉള്ള കുറഞ്ഞത് 5 സെന്റ് സ്ഥലമെങ്കിലും വേണമെന്നാണ്. എന്നാൽ പ്രസ്തുത ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

I.പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

1. 3 തെങ്ങ് എന്നതിന്റെ വിവരം അപേക്ഷയിലോ അന്വേഷണറിപ്പോർട്ടിലോ ഉൾപ്പെട്ടില്ല. തെങ്ങു ഉള്ളവരാണോ ഗുണഭോക്താക്കൾ എന്നു വ്യക്തമാകുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. ദീപം കുടുംബശ്രീ, മൊട്ടവിള, കാഞ്ഞിരംകുളം എന്ന ഗ്രൂപ്പിൽ 12 വ്യക്തികളുടെ പേര് വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 3 പേരുടെ വിവരങ്ങളാണ് ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

അപാകതകൾ സൂചിപ്പിച്ച് കൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം 1/22 തീയതി 24.03.2022 നുള്ള മറുപടിയിൽ ഗുണഭോക്താക്കൾക്ക് 5 സെന്റ് സ്ഥലവും 3 തെങ്ങും ഉണ്ടെന്നുള്ള വിവരം അധികാരികൾ ഉറപ്പ് വരുത്തിയിട്ടുണ്ടെന്നു അറിയിച്ചുവെങ്കിലും പ്രസ്തുത വിവരം ഫയലിൽ ഉൾപ്പെട്ടിട്ടില്ല. തെങ്ങു ഉള്ളവരാണ് ഗുണഭോക്താക്കൾ എന്നു ഫയലിൽ കൃത്യമായും രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ദീപം കുടുംബശ്രീ യൂണിറ്റിന്റെ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ലഭ്യമാക്കുന്നതിനു ടി ഗ്രൂപ്പിനെ അറിയിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

II.മോണിറ്ററിംഗ് ഫലപ്രദമായി നടത്തിയിട്ടില്ല.

29 01.2018 ലെ സ.ഉ(കൈ) നം .11/2018/തസ്വഭവ പ്രകാരമുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 3.1.2 (ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്.

എന്നാൽ കൃഷി ഡയറക്ടർ നിർവഹണോദ്യോഗസ്ഥനായ 2020-21 ൽ നടപ്പിലാക്കിയ പദ്ധതികളിലൊന്നിലും മോണിറ്ററിംഗ് നടന്നിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം . 1/22 തീയതി 24.03.2022 (ക്രമ നം 3) ന് ലഭിച്ച മറുപടിയിൽ ലോക്ക് ഡൗൺ നിലനിന്നിരുന്ന സാഹചര്യത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പദ്ധതിയുടെ പല ഘട്ടത്തിലും പരിശോധന നടത്തിയുട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത വിവരം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഭാവിയിൽ വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്.

## 1-15 ചൈൽഡ് ഡെവലപ്പമെന്റ് പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ

1. അംഗനവാടികളിൽ ബേബി ബെഡ് (പ്രോജക്ട് നം 181/21)

അടങ്കൽ – 643500/- (ധനകാര്യകമ്മീഷൻ അവാർഡ് )

ചെലവ് – 643500/-

ബിൽ നം -5/21

ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ 5 പഞ്ചായത്തുകൾക്കായി 764 ബേബി ബെഡുകൾ വിതരണം ചെയ്തിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ധനസഹായം കൈപ്പറ്റിയ വ്യക്തികൾ ഏതൊക്കെ പഞ്ചായത്തിലുള്ള ഗുണഭോക്താക്കളാണ് എന്നുള്ള വിവരം ഫയലിൽ ഇല്ല.

പ്രസ്തുത പ്രോജക്ടിന്റെ ഗുണഭോക്തൃലിസ്റ്റ്, അപേക്ഷകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

ചെലവ് രേഖകളും ഓരോ പഞ്ചായത്തുകളുടെയും വിനിയോഗസാക്ഷ്യപത്രവും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2. സ്നേഹസ്പർശം --മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (പ്രോജക്ട് നം 28/21)

അടങ്കൽ – 2301375/-

ചെലവ് --2127250/-

A. പ്രസ്തുത പ്രോജക്ടിന്റെ ഗുണഭോക്തൃലിസ്റ്റ്, അപേക്ഷകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

B. വിഹിതം കൈപ്പറ്റിയ 5 പഞ്ചായത്തുകളുടെയും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

3. അംഗപരിമിതർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ ( പ്രോജക്ട് നം 90/21)

അടങ്കൽ ---1110000/-

ചെലവ് --1110000/-

പ്രസ്തുത പ്രോജക്ടിലെ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷകളിൽ കണ്ട അപാകതകൾ

A. ശിവദാസൻ ഡി എന്ന വ്യക്തിയുടെ അപേക്ഷയിൽ ഡോക്ടർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഇല്ല. വൈകല്യത്തിന്റെ വിശദാംശം, അപേക്ഷകന്റെ ഒപ്പ്, തീയതി, ഫോട്ടോ എന്നീ രേഖകൾ ഇല്ല.

B. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താവായ സേവ്യർ ആന്റണിയ്ക്ക് ലൈസൻസ് ഇല്ല.

C. സ്കൂട്ടർ ലഭിച്ച 15 പേരുടെയും കൈപ്പറ്റ് രസീത് ഫയലിൽ നിന്ന് ലഭ്യമല്ല.

ഇതു സംബന്ധിച്ച് 26/03/2022 -ൽ നൽകിയ ഓഡിറ്റ് എൻക്വയറി 14/20 -21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി രേഖകൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-16 മെഡിക്കൽ ഓഫീസർ (പൂല്ലുവിള സി എച്ച് സി) നിർവ്വഹണം നടത്തിയ പദ്ധതികൾ

1. സോളാർ പാനൽ സ്ഥാപിക്കൽ (പ്രോജക്ട് നം 86/21))

അടങ്കൽ – 1000000/-

ചെലവ് – 1000000/-

ബിൽ നം 28/20 399680/-, 12/01/2021

ബിൽ നം 41/20 600320/- , 27/3/2021

ടി പ്രോജക്ടുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല.

2. ലാബ് റീ ഏജന്റ് വാങ്ങൽ പ്രോജക്ട് നമ്പർ (114/21)

അടങ്കൽ - 149362

ചെലവ് – 149362

ബിൽ നം 1/21 Rs 149362/-, 22/04/2021

A. ടി പ്രോജക്ടിന്റെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

B. പ്രസ്തുത പ്രോജക്ട് പ്രകാരം Bioteck Agencies -യ്ക്ക് നൽകിയ തുകയായ 100037/- രൂപയുടെ ബില്ലിന്റെ ചെലവു രേഖ ഫയലിൽ ലഭ്യമല്ല. ചെലവു രേഖ ഹാജരാക്കേണ്ടതാണ്.

3. ലാബ് റീ ഏജന്റ് വാങ്ങൽ പ്രോജക്ട് നമ്പർ (61/21)

അടങ്കൽ – 100000/-

ചെലവ് – 99961/-

ബിൽ നം 13/21 Rs 91700/- 06/07/2020

10/21 Rs 6492/- 06/07/2020

33/21 Rs 1469/- 28/01/21

A. സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

4. ഓട്ടോ റിഫ്രാക്റ്റോമീറ്റർ പ്രോജക്ട് നമ്പർ (62/21)

അടങ്കൽ -- 255000 (75000- ധനകാര്യകമ്മീഷൻ, 180000 –റോഡിതരം)

ചെലവ് --255000/-

ബിൽ നം --38/21 , തീയതി. 10/03/2021, 180000/- 39/21, 10/3/21 75000/-

A. Auto Refractometer Accessories Bill Rs 72000/- രൂപയുടെ ചെലവുരേഖ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

B. സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

5. Bed Side Monitor (പ്രോജക്ട് നമ്പർ 184/21)

അടങ്കൽ - 60000

ചെലവ് - 59024

ബിൽ നം 40/21 , 59024/-, 20/03/2021

ടി പ്രോജക്ടിന്റെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് 31/03/2022 -ൽ നൽകിയ ഓഡിറ്റ് എൻക്വയറി 17/20 -21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

### 1-17 പഴയ വാഹനം ലേലം ചെയ്തില്ല.

പ്രോജക്റ്റ് നം 6/20 പ്രകാരം 942344/- രൂപ ചെലവഴിച്ച് ബ്ളോക്ക് പഞ്ചായത്തിന് പുതിയ മഹീന്ദ്രാ (Marazzo) വാഹനം (KL-20-Q-1544)വാങ്ങിയിട്ടുണ്ട്. ടി വാഹനം ബ്ളോക്ക് പഞ്ചായത്തിന്റെ അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13) മറുപടി ലഭ്യമായില്ല. പഴയ വാഹനമായ മഹീന്ദ്രാ ജീപ്പ് (KL-01 AC -8556) 2004 മുതൽ ഉപയോഗിച്ച് വരുന്നതാണെന്നും, ആയത് ഗ്രാമ വികസന കമ്മീഷണറേറ്റിലേക്ക് തിരികെ എടുക്കണം എന്നും ആവശ്യപ്പെട്ട് 14/5/20 BP2/2500 /2019/ATR പ്രകാരം കത്ത് നല്കിയിട്ടുണ്ട്. അപ്രകാരം ടി വാഹനം തിരികെ എല്പിച്ചതിന്റെ തീയതി കൈപ്പറ്റ് രേഖകൾ എന്നിവയും, ടി വാഹനം, സ.ഉ.(കൈ).നം.45/2019/പൊ.മ.വ., തീ.18/10/19 പ്രകാരം ലേലം ചെയ്യാതെ ഈ വിധം ഗ്രാമ വികസന കമ്മീഷണറേറ്റിലേക്ക് കൈമാറിയതിന്റെ കാരണവും ടി എൻക്വയറിയിലൂടെ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-18 PMAY പദ്ധതി വീട് പൂർത്തിയാക്കാത്തവരുടെ വിശദാംശം

അതിയന്നൂർ ബ്ളോക്ക്പഞ്ചായത്തിന്റെ PMAY പദ്ധതി പ്രകാരം തുക കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും വീട് പൂർത്തിയാക്കാത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | വർഷം | റിമാർക്ക് |
|---|---|---|---|---|
| 1 | നിർമ്മല | 176000 | 2016-17 | റവന്യൂ റിക്കവറി |
| 2 | സ്വപ്ന | 48000 | ടി | റവന്യൂ റിക്കവറി |
| 3 | മണിയൻ | 1200000 | ടി | റവന്യൂ റിക്കവറി |
| 4 | സെൽവം | 376000 | 2017-18 | നോട്ടീസ് |
| 5 | പത്മാവതിയമ്മ | 160000 | 2016-17 | - |
| 6 | ബിന്ദു | 328000 | 2016-17 | - |

ടി വ്യക്തികൾ വീടുപണി പൂർത്തിയാക്കാത്ത പക്ഷം, നല്കിയ തുക തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ പത്രിക പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പി.എം.എ.വൈ പദ്ധതിയ്ക്കായി ലഭിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കാഞ്ഞിരംകുളം | 2020-21 | പി.എം.എ.വൈ | 1500000 | 1500000 | 0 |
| കോട്ടുകാൽ | 2020-21 | പി.എം.എ.വൈ | 1690000 | 1690000 | 0 |
| വെങ്ങാനൂർ | 2020-21 | പി.എം.എ.വൈ | 700000 | 700000 | 0 |
| കരുംകുളം | 2020-21 | പി.എം.എ.വൈ | 500000 | 500000 | 0 |
| അതിയന്നൂർ | 2020-21 | പി.എം.എ.വൈ | 949000 | 949000 | 0 |
| *പലിശ* | | | 138652 | 138652 | |
| ആകെ | | | 5477652 | 5477652 | |

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് (2019-20 B4) | വരവ് (2020-21 RP 31) | ആകെ | ചെലവ് (സുലേഖ പ്രകാരം) * | നീക്കിയിരിപ്പ് (2020-21 B4) |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 608832 | 5477652 | 6086484 | 0 | 6334067 |

*എന്നാൽ ചെലവ് സംബന്ധിച്ച വിവരങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | പ്രോജക്ട് നം 148 | 400000 | 0 | 400000 |
| | പ്രോജക്ട് നം 149 | 200000 | 0 | 200000 |
| | പ്രോജക്ട് നം 105 | 130000 | 0 | 130000 |
| KSEB | പ്രോജക്ട് നം 17 | 500000 | 0 | 500000 |

ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി വാർഷിക ധനകാര്യപത്രിക പ്രകാരം

KWA യ്ക്ക് 600000/- രൂപയും KSEB യ്ക്ക് 630000/-രൂപയുമാണ് നൽകിയിരിക്കുന്നത്. എന്നാൽ സ്ഥാപനം ഹാജരാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം യഥാക്രമം 730000/- രൂപയും 500000/- രൂപയുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 12/22 തീയതി 26.03.2022 (ക്രമ നം 5) നള്ള മറുപടിയിൽ രജിസ്റ്റർ പ്രകാരമുള്ള തുകയാണ് യഥാർത്ഥ തുകയെന്നും വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയതിലെ അപാകതയാണെന്നും അറിയിച്ചിരിക്കുന്നു

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പാ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പാ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക * | പലിശ | തൻവർഷം തിരിച്ചടച്ച് തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഐ.എ.വൈ അധിക ധനസഹായം കോ-ഓപ്പറേറ്റീവ് ബാങ്ക് | 5499000 | 241558 | 67693 | 241588 | 0 |

*സ്ഥാപനം ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന ലോൺ തുക 309281/- (പലിശ ഉൾപ്പെടെയുള്ള തുക) രൂപയെന്നും നീക്കിയിരിപ്പ് പൂജ്യമെന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ലോണിന്റെ അടവ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല,

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഖണ്ഡികകളുടെ വിവരം

ലഭ്യമാക്കിയിട്ടില്ല.

## 4-8 ചാർജ്ജ് / സർചാർജജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 7262878 |
| ഓഡിറ്റ് വർഷത്തെ വരവ് | 79381473 |
| ആകെ | 86644351 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 77685805 |
| നീക്കിയിരിപ്പ് | 8958546 |
| വരവിനങ്ങളുടെ നഷ്ടം | -- |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | -- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| ഇല്ല | | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LF/TDB&ഡി.475/09തീയതി 08.03.2013 | 8 |
| 1998-99 | LF/TDB&ഡി.476/09 തീയതി 30.03.2013 | 11 |
| 1999-00 | LF/TDB&ഡി.230/09 തീയതി 08.03.2013 | 5 |
| 2000-01 | LF/TDB &ഡി.477/09തീയതി 08.03.2013 | 8 |
| 2001-02 | LF/TDB &ഡി.765/08തീയതി 30.03.2013 | 3 |
| 2002-03 | LF/TDB &ഡി.765/08 തീയതി 01.04.2013 | 5 |
| 2003-04 | LF/TDB &ഡി.141/10 തീയതി 01.04.2013 | 5 |
| 2004-05 | LF/TDB &ഡി.141/10 തീയതി 07.08.2013 | 4 |
| 2005-06 | LF/TDB &ഡി.475/09 തീയതി 08.03.2013 | 9 |
| 2006-07 | KSA/TVM/ബി.പി.259/18 തീയതി 18.1.2018 | 4 |

| | | |
|---|---|---|
| 2007-08 | KSA/TVM/ബി.പി.260/2018 തീയതി 18.1.2018 | 1 |
| 2008-09 | LF/TDB &ഡി.562/13 തീയതി 06.09.2013 | 4 |
| 2009-10 | KSA/TVM/ബി.പി.261/18 തീയതി 18.1.2018 | 1 |
| 2010-11 | LF/TDB &ഡി.320/13 തീയതി 27.09.2013 | 4 |
| 2011-12 | LF/TDB പി.262/2018 തീയതി 18.1.2018 | 1 |
| 2012-13 | KSA/TVM/ബി.പി.263/2018 തീയതി 18.1.2018 | 2 |
| 2013-14 | LF/TDB.പി.264/2018 തീയതി 18.1.2018 | 3 |
| 2014-15 | KSA/TVM/.ബി.പി1265/2018 തീയതി 18.1.2018 | 1 |
| 2015-16 | LF/TDB.ബി&ഡി.211/17 തീയതി 31.01.17 | 17 |
| 2016-17 | KSA/TVM/.ബി.പി./2027/2017 തീയതി 7.11.2017 | 7 |
| 2017-18 | KSA/TVM/ബി.പി./1722/2018 തീയതി 10.10.18 | 10 |
| 2018-19 | KSA/TVM/.ബി.പി./2241/2019 തീയതി 18.05.20 | 34 |
| 2019-20 | KSATVM/BP1/30/2022 തീയതി 07.03.2022 | 36 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്